25 (*445) ഇൽമനൈറ്റ് കയറ്റുമതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും ഇൽമനൈറ്റ് വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ടൺ ഇൽമനൈറ്റ് ആണ് ഓരോ വർഷവും കയറ്റുമതി ചെയ്യുന്നത്;

(സി) ഇൽമനൈറ്റ് ഉപയോഗിച്ച് "വാല്യൂ ആഡഡ് പ്രോഡക്ട്സ്" ഉണ്ടാക്കുന്നതിന് ഏതെല്ലാം സ്ഥാപനങ്ങൾ സ്വകാര്യ പൊതുമേഖലകളിൽ പ്രവർത്തിക്കുന്നു; ഇവ എത്ര ടൺ ഇൽമനൈറ്റ് ഉപയോഗിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴയിൽ ലഭ്യമായ ഇൽമനൈറ്റ് ഉപയോഗിച്ച് സംയുക്ത മേഖലയിൽ "വാല്യൂ ആഡഡ് പ്രോഡക്ട്സ്" ഉൽപ്പാദിപ്പിക്കുന്നതിന് ഏതെങ്കിലും സ്ഥാപനങ്ങളോ വ്യക്തികളോ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) സ്വകാര്യ സംരംഭകർ കെ.എസ്., ഐ.ഡി.സി., കെ.എം.എം.സി. തുടങ്ങിയ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനുദ്ദേശിക്കുന്ന ആറാട്ടുപുഴയിലെ പദ്ധതിക്ക് അംഗീകാരം നൽകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) ചവറ ഐ.ആർ.ഇ. 1998-99-ൽ 50,088 മെട്രിക് ടൺ ഇൽമനൈറ്റ് കയറ്റുമതി ചെയ്തു. 1999-2000-ൽ ഏകദേശം 50,000 മെട്രിക് ടൺ കയറ്റുമതി ചെയ്യുന്നുണ്ട്.

(സി) ഇൽമനൈറ്റ് ഉപയോഗിച്ച് "വാല്യൂ ആഡഡ് പ്രോഡക്ട്സ്" ഉണ്ടാക്കുന്ന കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ചവറ കെ.എം.എം. എൽ. ഉം തിരുവനന്തപുരം ടി.ടി.പി.യുമാണ്. ഇവ പ്രതിവർഷം ഏകദേശം 46000 മെട്രിക് ടണ്ണും 35000 മെട്രിക് ടണ്ണും ഇൽമനൈറ്റ് യഥാക്രമം ഉപയോഗിക്കുന്നു.

സ്വകാര്യമേഖലയിൽ ഉപയോഗിച്ച ഇൽമനൈറ്റിന്റെ അളവ് താഴെ കൊടുക്കുന്നു.

	1998-99	*1999-2000*
	(മെ. ടൺ)	
കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽസ് ലിമിറ്റഡ്.	27757	28020
കോൾമാക്ക് (കൽക്കട്ട)	3474	826
ഡി.സി.ഡബ്ല്യൂ (തൂത്തുക്കുടി)	36682	33142
കിൽഡോൻ	8199	6624
മറ്റു കമ്പനികൾ	1414	4357

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1995-96 കാലഘട്ടത്തിൽ ഗ്രീൻടെക്സ് എന്ന ജർമൻ കമ്പനിയും കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽസ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴയിൽ ലഭ്യമായ ഇൽമനൈറ്റ് ഉപയോഗിച്ച് സംയുക്തമേഖലയിൽ "വാല്യൂ ആഡഡ് പ്രോഡക്ട്സ്" ഉല്പാദിപ്പിക്കുന്നതിന് സർക്കാരിനെ സമീപിച്ചിരുന്നു.

(ഇ) ഗ്രീൻടെക്സിന്റെ പദ്ധതി 2,00,000 ടൺ ലോഹമണൽ സംസ്കരിക്കുന്നതിനും 20,000 ടൺ ടൈറ്റാനിയം ഡയോക്സൈഡ് ഉൽപാദിപ്പിക്കുന്നതിനും ആയിരുന്നു. കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽസ് ലിമിറ്റഡ് എന്ന കമ്പനിയുടെ പദ്ധതി 1,50,000 ടൺ ലോഹമണൽ സംസ്ക്കരിക്കുന്നതിനും 50,000 ടൺ സിന്തറ്റിക് റൂട്ടൈൽ ഉല്പാദിപ്പിക്കുന്നതിനും വേണ്ടി ഉദ്ദേശം 265 കോടി രൂപ മുതൽമുടക്ക് വരുന്നതായിരുന്നു.

(എഫ്)സംയുക്ത മേഖലയിൽ ഇങ്ങനെയൊരു പദ്ധതിക്ക് അംഗീകാരം നൽകുവാൻ സർക്കാരിന് ഉദ്ദേശമില്ല. സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തെകൊണ്ട് ഇക്കാര്യം നടപ്പിലാക്കുന്നതിനാണ് ആലോചിച്ചുവരുന്നത്.

26 (*446) പഞ്ചായത്തുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> :

<u>ശ്രീ. പാലോട് രവി</u> :

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :

<u>ശ്രീ. കെ. അച്ചുതൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതന വിതരണം മറ്റ് പെൻഷൻ പദ്ധതികൾ എന്നിവ പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് കൈമാറിയതിനുശേഷം പുതുതായി എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ലഭിച്ച അപേക്ഷകളിൽമേൽ ഒരു തീരുമാനവും കൈക്കൊള്ളാത്ത എത്ര ഗ്രാമപ്പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട്;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തീർപ്പുകൽപ്പിക്കാതെയുള്ള അപേക്ഷകളിൽമേൽ അന്വേഷണം പൂർത്തിയാക്കുന്നതിനും ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും ഉണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വെളിപ്പെടുത്തുമോ;

(ഡി) നിശ്ചിത കാലാവധിക്കുള്ളിൽ അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊള്ളുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>) :

(എ) തൊഴിലില്ലായ്മ വേതന വിതരണം, മറ്റ് പെൻഷൻ പദ്ധതികൾ എന്നിവ പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് കൈമാറിയതിനുശേഷം തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ പഞ്ചായത്തുകൾ ടി ഇനത്തിൽ അനുവദിച്ചിട്ടുള്ളവരുടെ വിവരം താഴെപ്പറയുന്നു. മറ്റു ജില്ലകളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly